(ബി) സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ 2004-ലെ കണക്കുകൾ പ്രകാരം ക്രൈം റേറ്റ് 317.66 ആണ്.

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി സ്ഥിരം കുറ്റവാളികളുടേയും കുലിത്തല്ല്, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവരുടേയും പേരിൽ സി.ആർ.പി.സി. 107, 109, 110 (ഇ ആന്റ് ജി) പ്രകാരം നല്ലനടപ്പിന് സബ് ഡിവിഷണൽ മജിസ്ട്രേട്ട് മുൻപാകെ റിപ്പോർട്ട് നൽകുകയും മുൻ ശിക്ഷക്കാരുടെ വിവരങ്ങൾ ശേഖരിച്ച് അവരെ പ്രത്യേകം നിരീക്ഷിക്കുകയും പോലീസ് കൺട്രോൾ റും, ക്രൈം സ്റ്റോപ്പർ സംവിധാനങ്ങളിലൂടെ പരാതികൾ സ്വീകരിച്ച് നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. 10 വർഷത്തെ കുറ്റവാളികളുടെ വിവരം ശേഖരിച്ച് ഡാറ്റാ ബാങ്ക് ഉണ്ടാക്കുകയും, കുറ്റാന്വേഷണ ഉദ്യോഗസ്ഥർക്ക് മുൻകൂട്ടി വിവരം നൽകുകയും ചെയ്തുപോരുന്നു. ഓരോ പോലീസ് സ്റ്റേഷന്റെയും അതിർത്തികളെ വിവിധ ബ്ലോക്കുകളായി തിരിച്ച് പോലീസ് ബീറ്റ്, മൊബൈൽ പട്രോൾ എന്നിവ രാത്രിയും പകലും ഏർപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസ്വിംഗിന്റെ ഭാഗമായി റസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും പങ്കെടുപ്പിച്ചുകൊണ്ട് കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളാറുണ്ട്. 24 മണിക്കൂറും പ്രവർത്തനനിരതമായ ഒരു പോലീസ് ഹെൽപ് ലൈൻ പരീക്ഷണാടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് പ്രവർത്തനം ആരംഭിക്കുകയും പൊതുജനങ്ങൾക്ക് എവിടെനിന്നും പോലീസിന്റെ സേവനം ഫോൺ മുഖേന ആവശ്യപ്പെടാൻ സൗകര്യപ്പെടുകയും ചെയ്യുന്നു. ഇത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കൃതമാണ്. ഇവിടെ ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് ഉടൻതന്നെ നടപടി കൈക്കൊള്ളാറുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് വിശദമായ ട്രെയിനിംഗ് നൽകി ആധുനിക രീതിയിലുള്ള കേസ് അന്വേഷണത്തിന് പ്രാപ്തരാക്കി വരുന്നുണ്ട്. മേൽ പറഞ്ഞ നടപടികൾ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും തൽഫലമായി ക്രൈംറേറ്റ് കുറയ്ക്കുന്നതിനും വേണ്ടിയുള്ളതാണ്.

## ജീവനക്കാർക്ക് ഇടക്കാലാശ്വാസം

145 [449] *ശ്രീ. കെ. എൻ. എ. ഖാദർ:*
*,, പി. കെ. കെ. ബാവ:*
*,, ടി. പി. എം. സാഹിർ:*
*,, സി. മമ്മൂട്ടി:*
*,, പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള കമ്മീഷൻ അംഗങ്ങളും, ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ ജൂലൈ 10-നകം ഇടക്കാലാശ്വാസം നൽകുമെന്ന് പറഞ്ഞകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർക്കാർ നൽകിയതുപോലെ നിലവിലുള്ള ക്ഷാമബത്തയുടെ അൻപത് ശതമാനം അടിസ്ഥാനശമ്പളത്തിൽ ലയിപ്പിച്ചശേഷം അതിന്റെ 25 ശതമാനം ഇടക്കാലാശ്വാസമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇടക്കാലാശ്വാസം എന്നുമുതൽ നൽകിത്തുടങ്ങും എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) & (സി) ശമ്പള കമ്മീഷൻ ശുപാർശ ലഭിച്ചാൽ മാത്രമേ ഇതിൽ സർക്കാരിന് ഒരു തീരുമാനമെടുക്കുവാൻ സാധിക്കൂ. എന്നാൽ ഇടക്കാലാശ്വാസം ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതാണ്.

**ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റുകൾ**

146 [450] *ശ്രീ സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കെട്ടിട നിർമ്മാണ ഏജൻസികൾ നഗരങ്ങളിൽ ഫ്ളാറ്റുകൾ പണിത് ഭീമമായ വിലയ്ക്ക് ഗവൺമെന്റ് ജീവനക്കാർക്കും മറ്റും വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റുകൾ കെട്ടി ന്യായമായ വിലയ്ക്ക് ഗവൺമെന്റ് ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഈ പദ്ധതി ഉടനടി ആരംഭിക്കുമോ?

*ഉത്തരം*

(എ) സ്വകാര്യ രംഗത്ത് ഫ്ളാറ്റുകൾ പണിത് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് ഹൗസിംഗ് ബോർഡിൽ രജിസ്റ്റർ ചെയ്ത് ഫ്ളാറ്റുകൾ വാങ്ങാവുന്നതാണ്. സർക്കാർ ജീവനക്കാരിൽ നിന്നും മതിയായ ആവശ്യക്കാരുള്ളപക്ഷം അത്തരം സ്ഥലങ്ങളിൽ അവർക്കായിമാത്രം ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ബോർഡ് സന്നദ്ധമാണ്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly